## പാഠം 9

# രണ്ടാം മിഷണറി യാത്ര

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന്: അ.പ്ര. 16,17; 18:1–10; റോമർ 3:28; ഗലാ. 2:16; 1 കൊരി. 1:23.**

**മനഃപാഠവാക്യം: "നീ ഭയപ്പെടാതെ പ്രസംഗിക്ക, മിണ്ടാതിരിക്കരുത്; ഞാൻ നിന്നോടുകൂടെ ഉണ്ട് ആരും നിന്നെ കയ്യേറ്റം ചെയ്തു ദോഷപ്പെടുത്തുകയില്ല ഈ പട്ടണത്തിൽ എനിക്ക് വളരെ ജനം ഉണ്ട്" (അ.പ്ര. 18:9,10).**

അന്ത്യോക്യയിൽ മടങ്ങിയെത്തിയ പൗലൊസും ബർന്നബാസും സഭയെ പരിപോഷിപ്പിച്ച് കൂടുതലായി സുവിശേഷവേലയിൽ വ്യാപൃതരായി. വളരെ മൂർച്ചയേറിയ അഭിപ്രായവ്യത്യാസം അവരെ തമ്മിൽ അകറ്റുന്നതിനു മുമ്പായി അവർ രണ്ടുപേരും ഒന്നിച്ച് അവസാനം പ്രവർത്തിച്ചത് ഇപ്പോഴാണ് എന്നു തോന്നുന്നു. പൗലൊസിന്റെയും ബർന്നബാസിന്റെയും അനൈക്യത്തിനു കാരണം ബർന്നബാസിന്റെ അർധസഹോദരനായ മർക്കൊസാണ് (കൊലൊ. 4:10). അവർ നേരത്തേ യാത്ര ചെയ്ത് സുവിശേഷവേല ചെയ്ത സ്ഥലങ്ങളിലേക്ക് മടങ്ങിപോകുവാൻ പൗലൊസ് ബർന്നബാസിനെ ക്ഷണിച്ചപ്പോൾ ബർന്നബാസ് മർക്കൊസിനെയും അവരുടെ കൂടെ കൂട്ടണം എന്ന് ആവശ്യപ്പെട്ടു. എന്നാൽ മർക്കൊസ് കഴിഞ്ഞ കാലങ്ങളിൽ വരുത്തിയ വീഴ്ചകളെ അറിയാവുന്നതുകൊണ്ട് പൗലൊസ് അതിനെ എതിർത്തു (അ.പ്ര. 13:13).

പൗലൊസിന്റെയും ബർന്നബാസിന്റെയും വേർപിരിയൽ എങ്ങനെയായിരുന്നാലും അത് ഒരു അനുഗ്രഹമായി പരിണമിച്ചു. രണ്ടായി പിരിഞ്ഞുള്ള പ്രവർത്തനങ്ങളിൽ അവർ ആദ്യം പദ്ധതിയിട്ടതിനേക്കാൾ കൂടുതൽ പ്രദേശങ്ങൾ അവർക്ക് പ്രവർത്തനമേഖലയാക്കുവാൻ കഴിഞ്ഞു.

ബർന്നബാസ് മർക്കൊസിനെയും കൂട്ടി ബർന്നബാസിന്റെ സ്വന്തസ്ഥലമായ സൈപ്രസിലേക്ക് മടങ്ങി (അ.പ്ര. 4:36). അതേ സമയം ശീലാസിനെ ക്ഷണിച്ചതിനാൽ പൗലൊസ് സിറിയയിലൂടെയും കിലിക്യയിലൂടെയും സഞ്ചരിച്ച് അവിടത്തെ സഭകളെ ശക്തിപ്പെടുത്തി. ആദ്യമായി അന്ത്യോക്യയിൽ വരുന്നതിനുമുമ്പ് പൗലൊസ് അനേകവർഷങ്ങൾ തർസൊസിൽ ചെലവഴിച്ചു (അ.പ്ര. 9:30; 11:25,26). ഇപ്പോൾ താൻ നേരത്തെ സ്ഥാപിച്ച സഭയെ ഒരിക്കൽ കൂടി സന്ദർശിക്കാനുള്ള അവസരമുണ്ടായി. അങ്ങനെയാണെങ്കിലും

ദൈവത്തിന് അവനെക്കുറിച്ചുള്ള പദ്ധതി പൗലൊസ് ആദ്യം അവൻ ഏറ്റെടുത്തതിലും വളരെ കൂടുതലായിരുന്നു.

**ഞായർ** **ആഗസ്റ്റ് 26**

**തിരികെ ലുസ്ത്രയിൽ**

ലൂക്കൊസിന്റെ ശ്രദ്ധയോടെയുള്ള തിരഞ്ഞെടുപ്പ് പൗലൊസിനെ മിക്കവാറും നേരെ ദെർബ്ബയിലേക്കും ലുസ്ത്രയിലേക്കും കൊണ്ടുവരുന്നു. സിറിയയെയും കിലികിയയെയും കുറിച്ച് അവൻ പറയുന്നത് പൗലൊസ് ഈ സ്ഥലങ്ങളിലൂടെ പോയി സഭകളെ ഉറപ്പിച്ചു (അ.പ്ര. 15:41)

**വായിക്കുക: അ.പ്ര. 16:1–13 മറ്റുള്ളവരിലേക്ക് എത്തിക്കാൻ അന്വേഷിക്കുന്ന കാര്യങ്ങളെക്കുറിച്ച് എത്രമാത്രം വളരെ സൂക്ഷ്മതയുള്ളവനായിരുന്നു എന്നത് പൗലൊസിന്റെ ഇവിടെയുള്ള പ്രവർത്തി നമ്മെ എന്ത് പഠിപ്പിക്കുന്നു?**

തിമൊഥെയൊസിന്റെ പിതാവ് പുറജാതിക്കാരനും അവന്റെ അമ്മ ഒരു യെഹൂദാക്രിസ്ത്യാനിയുമായിരുന്നു. അവളുടെ പേര് യുനീക്ക എന്നായിരുന്നു. അവൻ പരിച്ഛേദന ഏല്ക്കാത്തവൻ ആയിരുന്നെങ്കിലും തിമൊഥെയൊസ് ബാല്യം മുതൽ തിരുവചനം അറിഞ്ഞിരുന്നു. അത് നിർദ്ദേശിക്കുന്നത് അവനും ഭക്തിയുള്ള മനുഷ്യനായിരുന്നു എന്നാണ്.

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ അവൻ മുമ്പേ തന്നെ പ്രാദേശിക വിശ്വസികളുടെ ബഹുമാനവും ആരാധനയും നേടിയിരുന്നു.

യെഹൂദന്മാർ തങ്ങളുടെ യെഹൂദാത്വം കണക്കാക്കിയിരുന്നത് പിതൃപാരമ്പര്യത്തെക്കാൾ മാതൃപാരമ്പര്യം നോക്കിയാണ്. തിമൊഥെയൊസ് ഒരു യെഹൂദനായിരുന്നു. അവൻ ജനിച്ച് എട്ടാംനാൾ കഴിഞ്ഞ് പരിച്ഛേദന ഏറ്റവനല്ലായിരുന്നു. കാരണം ഒരു പക്ഷേ അവന്റെ പിതാവ് ഒരു യവനനായിരുന്നതുകൊണ്ട് പരിച്ഛേദനയെ ഒരു പ്രാകൃതരീതിയായി കണ്ടിരുന്നു കാണും.

തിമൊഥെയൊസിനെ ഒരു സഹപ്രവർത്തകനായി ആഗ്രഹിക്കുകയും പരിച്ഛേദന ഏല്ക്കാത്ത യെഹൂദനാണെന്ന് അറിയുകയും ചെയ്യുമ്പോൾ അവനെ യെഹൂദാ ദൈവാലയങ്ങളിൽ പ്രവേശിപ്പിക്കുന്നത് വിലക്കാമായിരുന്നു. വിശ്വാസത്യാഗി എന്നു കണക്കാക്കാമായിരുന്നു. പൗലൊസ് അവനെ പരിച്ഛേദന കഴിപ്പിച്ചു. പ്രസംഗിക്കുന്ന സുവിശേഷത്തിന് എതിരായി വരാതെ സകലവും പ്രായോഗികമായിരുന്നു എന്നതുകൊണ്ടാണ് പൗലൊസ് അങ്ങനെ ചെയ്യുവാൻ താല്പര്യം കാണിച്ചത്.

തന്റെ ഒന്നാമത്തെ യാത്രയിൽ സന്ദർശിച്ച സ്ഥലങ്ങളെല്ലാം വീണ്ടും സന്ദർശിച്ചശേഷം തെക്കുപടിഞ്ഞാറ് ഏഷ്യയുടെ പ്രവിശ്യയായ എഫെസൊസിലേക്ക് പോകുവാൻ തീരുമാനിച്ചു. എന്നാൽ അങ്ങനെ ചെയ്യുന്നതിൽനിന്ന്

പരിശുദ്ധാത്മാവ് അവനെ തടഞ്ഞു. അതുകൊണ്ട് അവൻ വടക്കോട്ട് യാത്ര ചെയ്തു ബിഥുന്യയിലേക്ക് പോകുവാൻ ശ്രമിച്ചു. എന്നാൽ പരിശുദ്ധാത്മാവ് വഴിതുറക്കാതെ അങ്ങോട്ട് പോകുന്നതിൽനിന്ന് വീണ്ടും അവനെ തടഞ്ഞു. അപ്പോൾത്തന്നെ അവൻ മുസ്യയിൽ കൂടി കടന്നു പൊയ്ക്കൊണ്ടിരിക്കുക യായിരുന്നു. പൗലൊസിന് തിരഞ്ഞെടുക്കാവുന്ന ഏകവഴി പടിഞ്ഞാറോട്ടു പോയി തുറമുഖമായ ത്രോവാസിൽ ചെല്ലുക, അവിടെനിന്ന് അനേകദിശക ളിലേക്ക് അവന് യാത്ര ചെയ്യാം.

ഒരു രാത്രിദർശനത്തിൽ ദൈവം അവനെ കാണിച്ചത് അവൻ ഏജിയൻ കടലിനു കുറുകെ യാത്ര ചെയ്ത് മെക്കദോന്യയ്ക്ക് പോകണം. അവന്റെ കൂട്ടത്തിലുള്ളവർ ഈ ദർശനത്തെക്കുറിച്ച് അറിഞ്ഞപ്പോൾ, ദൈവം അവരെ വിളിച്ചത് മെക്കദോന്യയിലുള്ളവരുമായി സുവിശേഷം പങ്കുവയ്ക്കുവാനാണ് എന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു.

**എന്തുകൊണ്ടാണ് പൗലൊസ് തിമൊഥെയൊസിനെ പരിച്ഛേദന കഴി ച്ചത്? നാം എപ്പോഴും അംഗീകരിക്കാത്തതോ വിശ്വസിക്കാത്തതോ ആയ കാര്യങ്ങൾ ചിലപ്പോൾ ചെയ്യുവാൻ നാം മനസ്സുള്ളവരായിരിക്കണം എന്ന തിനെക്കുറിച്ച് ഇതു നമ്മെ എന്തു പഠിപ്പിക്കുന്നു? എന്നാൽ അതു വലി യൊരു കാര്യത്തെ നിറവേറ്റും.**

**തിങ്കൾ** **ആഗസ്റ്റ് 27**

## ഫിലിപ്പിയ

ഒരിക്കൽ മെക്കദോന്യയിൽ പൗലൊസും കൂട്ടത്തിലുള്ള മറ്റുള്ളവരും ഫിലി പ്പിയയിലേക്കും യാത്ര ചെയ്ത് യൂറോപ്പിലെ ആദ്യത്തെ ക്രിസ്തീയ ദൈവാ ലയം അവിടെ സ്ഥാപിച്ചു.

**വായിക്കുക: അ.പ്ര. 16:11–24 ശബ്ബത്തിൽ മിഷണറിമാർ എവിടെയാണ് പോയത്? ആത്യന്തികമായിട്ട് അവർക്ക് എന്താണ് അവിടെ സംഭവിച്ചത്?**

പൗലൊസ് ഒരു പട്ടണത്തിൽ എത്തിച്ചേരുമ്പോൾ അവിടെയുള്ള യെഹൂ ദന്മാർക്ക് സാക്ഷീകരിക്കുന്നതിനു ശബ്ബത്തിൽ പ്രാദേശിക യെഹൂദാപള്ളി സന്ദർശിക്കുമായിരുന്നു (അ.പ്ര.13:14,42; 17:1,2; 18:4) അതുപോലെ ഫിലിപ്പിയ യിലും അവനും തന്റെ സഹപ്രവർത്തകരും ഒരുമിച്ച് ചില സ്ത്രീകളുമായി ഒരു നദിയുടെ കരയിൽ പ്രാർത്ഥിക്കുവാനായി പോയി, യെഹൂദാവിശ്വാസി കളും ജാതികളിൽനിന്ന് വന്നവരും കൂട്ടത്തിൽ ഉണ്ടായിരുന്നു. അവിടെ ആ പട്ടണത്തിൽ ദൈവാലയം ഉണ്ടായിരുന്നില്ല. ഇതിന്റെ പ്രാധാന്യം പൗലൊസ് സുവിശേഷപ്രവർത്തനങ്ങൾക്കായിട്ടു മാത്രമല്ല യെഹൂദാ ദൈവാലയങ്ങളിൽ

പോയത്. പക്ഷെ ഇത് അവന്റെ ആരാധനാദിവസവുമായിരുന്നു എന്നു കാണിക്കുന്നു.

**വായിക്കുക: അ.പ്ര. 16:25–34 കാരാഗൃഹപ്രമാണിയുടെ കഥ പുനർ വിചിന്തനം ചെയ്യുക. രക്ഷ പ്രാപിക്കാൻ അവൻ എന്തു ചെയ്യണമായി രുന്നു?**

കാരാഗൃഹപ്രമാണിയുടെ ചോദ്യത്തിന് പൗലൊസും ശീലാസും നൽകിയ ഉത്തരം പൂർണ്ണമായും സുവിശേഷവുമായി ചേർന്നു പോരുന്നതായിരുന്നു. രക്ഷ പൂർണ്ണമായും യേശുവിലുള്ള വിശ്വാസത്തിലൂടെയാണ് (റോമർ 3:28; ഗലാ. 2:16). ഈ ഭാഗത്ത് ഒരു നിഗമനത്തിലേക്ക് വരാൻ കഴിയാത്തതെ ന്താണ്. ശരിയായ തിരുവചന പഠനവും പ്രായോഗിക നിർദ്ദേശവും ചേർന്ന് ഉരുത്തിരിയുന്ന യേശുവിലുള്ള വിശ്വാസം അതാണ് സ്നാനത്തിന് ആവശ്യം.

ആ കാരാഗൃഹപ്രമാണിയെക്കുറിച്ചു നമുക്ക് എന്ത് അറിയാം? അവൻ യെഹൂദനായിരുന്നുവോ അതോ യെഹൂദാമതത്തിലേക്ക് പരിവർത്തനം ചെയ്തതാണോ? ഇതിൽ ഏതു കാര്യത്തിലായാലും നമുക്ക് ആവശ്യമാ യത് ദൈവവും രക്ഷകനുമായ യേശുവിൽ വിശ്വസിക്കുക എന്നതാണ്. കൊർന്നേല്യൊസിനെയും ലുദിയയെയും അപ്പൊസ്തലപ്രവർത്തികളിലെ മറ്റ് അനേകരെയും പോലെ ഇവനും മുമ്പേ ദൈവത്തെ അറിയുകയും ആരാ ധിക്കുകയും ചെയ്ത ജാതീയനായിരുന്നുവെങ്കിലോ? പൗലൊസ് പട്ടണത്തിൽ നടത്തിയ സുവിശേഷയോഗത്തിൽ പങ്കെടുത്തിട്ടുള്ളവനായിരുന്നുവെങ്കിലോ? അവനെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്തായാലും വിവരങ്ങളുടെ ചുരുക്കം പെട്ടെന്നുള്ള സ്നാനത്തിന് ഒരു ഒഴിവുകഴിവായി ഉപയോഗിക്കാൻ പാടില്ല.

**വായിക്കുക: അ.പ്ര. 16:31–34 നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ യാഗം എത്രമാത്രം തികഞ്ഞതും പൂർണ്ണവുമായിരുന്നു എന്നതിനെക്കുറിച്ച് ഇതു നമ്മളെ എന്തു പഠിപ്പിക്കുന്നു? നിങ്ങളുടെ രക്ഷയുടെ ഏക പ്രത്യാശയായ നിങ്ങളെ ധരിപ്പിക്കുന്ന ക്രിസ്തുവിന്റെ നീതിയുടെ ഉറപ്പിൽ വിശ്രമിക്കാനും ഓരോ ദിവസവും അതു പഠിക്കാനും നിങ്ങൾക്ക് എങ്ങനെ കഴിയും?**

**ചൊവ്വ** **ആഗസ്റ്റ് 28**

**തെസ്സലൊനീക്യയും ബെരോബയും**

പൗലൊസും ശീലാസും ജയിലിൽനിന്ന് മോചിതരായിക്കഴിഞ്ഞ് ഫിലി പ്പിയയിൽനിന്നും പുറപ്പെട്ടു (അ.പ്ര. 16:35–40). ഫിലിപ്പിയയിൽനിന്ന് പൗലൊസും കൂട്ടുകാരും നേരെ മെക്കദോന്യയുടെ തലസ്ഥാനമായ തെസ്സലൊനീന്യയിലേക്ക് പോയി.

**വായിക്കുക: അ.പ്ര. 17:1–9 ജാതികളുടെ ഇടയിലെ പൗലൊസിന്റെ ശക്തമായ പ്രസംഗത്തിന് തെസ്സലൊനീക്യയിലെ യെഹൂദന്മാർ എങ്ങനെയാണ് പ്രതികരിച്ചത്?**

സുവിശേഷം പങ്കുവയ്ക്കാൻ യെഹൂദാപള്ളി അന്വേഷിക്കുന്ന പൗലൊസിനെ ഒരിക്കൽക്കൂടി നാം കാണുന്നു. ഭക്തിയുള്ള വലിയൊരു കൂട്ടം യവനരും മാന്യസ്ത്രീകളിൽ അനേകരും വിശ്വസിച്ച് "പൗലൊസിനോടും ശീലാസി"നോടും ചേർന്നു (അ.പ്ര. 17:4). അവർ ഒരു പ്രത്യേക കൂട്ടം ഉണ്ടാക്കി യെഹൂദാപള്ളിയിൽ നിന്ന് മാറി യോസാന്റെ ഭവനത്തിൽ ഒത്തുകൂടി.

അസൂയയാൽ നീങ്ങിയ എതിരാളികൾ അക്രമം ആരംഭിച്ചു. അവരുടെ ഉദ്ദേശം പൗലൊസിനെയും ശീലാസിനെയും തിമൊഥെയൊസിനെയും നേരത്തെ അറിയിപ്പുകൊടുക്കാതെ നഗരസഭയുടെ മുമ്പിൽ കൊണ്ടുവന്നു കുറ്റം ആരോപിക്കുകയായിരുന്നു. സുവിശേഷപ്രവർത്തനം ചെയ്യുന്ന ഇവരെ കണ്ടെത്താൻ കഴിയാഞ്ഞതിനാൽ യോസാനേയും മറ്റു ചില പുതിയ വിശ്വാസികളെയും രാഷ്ട്രീയകലഹം ഉണ്ടാക്കുന്നവർക്ക് അഭയം കൊടുത്തു എന്ന കുറ്റം ചുമത്തി നഗരാധിപന്മാരുടെ അടുക്കലേക്ക് വലിച്ചിഴച്ചു കൊണ്ടുവന്നു.

**വായിക്കുക: അ.പ്ര. 17:10–15 തെസ്സലൊനീക്യയിലുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ ബെരോബയിലെ വിശ്വാസികളുടെ പ്രതികരണമെന്തായിരുന്നു?**

ഈയൂജനസ് (അ.പ്ര. 17:11) (eujenus) എന്ന പദത്തിന്റെ നേരിട്ടുള്ള അർത്ഥം "നല്ലതുപോലെ ജനിച്ച" അല്ലെങ്കിൽ "കുലീന ജന്മം" എന്നാൽ, പൊതുവായ പ്രധാന അർത്ഥം "നല്ല മനസ്സോടെ" യുള്ള പെരുമാറ്റം. അതുപോലെയുള്ള ഒരു വലിയ വിഷയമാണ് ഇവിടെയും ബെരോബയിലെ യെഹൂദന്മാർ പൗലൊസിനെയും ശീലാസിനെയും വെറുതെ പുകഴ്ത്തിയതല്ല അവർ പൗലൊസിനോടും ശീലാസിനോടും യോജിച്ചത് അവർ തിരുവചനങ്ങളെ പരിശോധിക്കാൻ മനസ്സുള്ളവരും പൗലൊസും ശീലാസും പറയുന്ന കാര്യങ്ങൾ അങ്ങനെതന്നെയോ എന്നു ദിനംതോറും ശോധന ചെയ്യുന്നവരുമായിരുന്നു. സുവിശേഷത്തോടുള്ള വെറും വൈകാരികമായ പ്രതികരണം ബുദ്ധിപരമായ ബോധ്യമില്ലാത്തവ ഉപരിവിപ്ലവമായി മാറാം ക്ഷണികമാകാം.

അധികനാളുകൾക്കുമുമ്പ് പീഡനം പൗലൊസിന്റെ ബെരോബയിലെ ക്രിയാത്മകമായ ശുശ്രൂഷയെ തടസ്സപ്പെടുത്തി. വീണ്ടും തെക്കോട്ട് അഥേനയിലേക്ക് നീങ്ങാൻ നിർബ്ബന്ധിച്ചു.

**എന്നാണ് നിങ്ങൾ അവസാനമായി തിരുവചനം വളരെ സൂക്ഷ്മതയോടെ പരിശോധിച്ചത്? ഈ കാര്യങ്ങൾ ഇങ്ങനെയായിരുന്നുവോ (അവ എന്തൊക്കെയായിരുന്നു) എന്നു കണ്ടുപിടിക്കുവിൻ?**

**പൗലൊസ് അഥേനയിൽ**

പുരാതനഗ്രീക്കിന്റെ ബുദ്ധികേന്ദ്രമായിരുന്നു അഥേന. അത് ബിംബങ്ങൾക്കുവേണ്ടി നൽകപ്പെട്ടതായിരുന്നു. മനുഷ്യരുടെയും ദേവന്മാരുടെയും മാർബിൾ പ്രതിമകൾ എവിടെയും കാണാമായിരുന്നു. പ്രത്യേകിച്ച് പ്രവേശനകവാടത്തിലെ ചതുരത്തിൽ. അത് നഗരജീവിതത്തിന്റെ കേന്ദ്രമായിരുന്നു. വിഗ്രഹാരാധനയുടെ ഈ അതിസ്വാധീനത്തിൽ വളരെ ആശങ്കയുള്ളതിനാൽ യെഹൂദാപള്ളിയിൽ പോയി സാക്ഷീകരിക്കുന്ന പതിവ് രീതി മാറ്റി രണ്ടു തരത്തിലുള്ള പ്രവർത്തി ചെയ്യുവാൻ അവൻ തീരുമാനിക്കപ്പെട്ടു. ആഴ്ചയിലൊരിക്കൽ യെഹൂദന്മാരും ഭക്തിയുള്ള ജാതികളിൽപ്പെട്ടവരുമായി യെഹൂദാപള്ളിയിൽ തർക്കത്തിലേർപ്പെട്ടു. കൂടാതെ യവനന്മാരുമായി എല്ലാ ദിവസങ്ങളിലും പൊതുസ്ഥലത്തും! (കാണുക അ.പ്ര. 17:15–22).

അഥേനയിലുള്ളവർ പുതിയതായി എന്തെങ്കിലും കേൾക്കുന്നതിൽ എപ്പോഴും താല്പര്യമുള്ളവരായിരുന്നു. ചില തത്വചിന്തകർ പൗലൊസിന്റെ പഠിപ്പിക്കലിൽ താല്പര്യമുള്ളവരായി. പട്ടണത്തിലെ ഉന്നതസഭയായ അരയോപഗത്തിൽ അഭിസംബോധന ചെയ്യുവാൻ അവനെ ക്ഷണിച്ചു. അവന്റെ സംസാരത്തിൽ പൗലൊസ് തിരുവചനത്തിൽനിന്ന് ഒന്നും ഉദ്ധരിച്ചില്ല. ദൈവം യിസ്രായേൽ ജനവുമായി നടത്തിയ ഇടപെടലുകളുടെ സംക്ഷിപ്തചരിത്രവും പറഞ്ഞില്ല. ഒരു യെഹൂദാ സദസ്സിനോട് സംസാരിക്കുന്നതുപോലെയാണ് അവൻ ചെയ്തത് (താരതമ്യം ചെയ്യുക അ.പ്ര. 13:16–41). ഈ സമീപനം ശ്രോതാക്കളിൽ പ്രത്യേകിച്ച് ഒരു അർത്ഥവും ഉണ്ടാക്കുകയില്ല. അതിനുപകരമായി അവൻ ചില പ്രധാന തിരുവചനസത്യങ്ങൾ വിദ്യാഭ്യാസമുള്ള പുറജാതികൾക്ക് മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ അവതരിപ്പിച്ചു.

**വായിക്കുക: അ.പ്ര. 17:22–31 അരയോപഗസഭയിൽ പൗലൊസ് സംസാരിച്ചപ്പോൾ ദൈവത്തെക്കുറിച്ചും രക്ഷയെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും മാനവികതയെക്കുറിച്ചും എത്ര മഹത്തായ സത്യങ്ങളാണ് ആ ജനത്തോട് അവൻ സംസാരിച്ചത്?**

പൗലൊസിന്റെ പല വാക്കുകളും സാംസ്കാരികമായി നല്ല നിലവാരമുണ്ടായിരുന്ന പുറജാതി ശ്രോതാക്കൾക്ക് മഠയത്തരമായി തോന്നി. ദൈവത്തെക്കുറിച്ചും മതത്തെക്കുറിച്ചും അവർക്കുണ്ടായിരുന്ന ധാരണ വളച്ചൊടിക്കപ്പെട്ടു. പൗലൊസ് തന്റെ ദൂത് എങ്ങനെ അവസാനിപ്പിക്കാനാണ് ഉദ്ദേശിച്ചത് എന്ന് നമുക്കറിയില്ല. ദൈവത്തിന്റെ ലോകത്തെ ന്യായം വിധിക്കുന്ന കാര്യം അവൻ പരാമർശിച്ചപ്പോൾത്തന്നെ അവന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തി (അ.പ്ര. 17:31). ഈ വിശ്വാസം രണ്ടു ഗ്രീക്ക് ആശയങ്ങളുമായി ഏറ്റു

മുട്ടി. (1) ആ ദൈവം പൂർണ്ണമായും ദൂരസ്ഥനാണ്. ലോകവുമായിട്ടോ മനുഷ്യനുമായി ബന്ധപ്പെട്ടോ യാതൊരു ഇടപെടലുകളും നടത്തുന്നില്ല. (2) ഒരു മനുഷ്യൻ മരിച്ചാൽ ഒരിക്കലും ഉയിർക്കുവാൻ കഴിയില്ല. എന്തുകൊണ്ട് സുവിശേഷം യവനർക്ക് വിഡ്ഢിത്തമാണെന്ന് വിശദീകരിക്കുവാൻ ഇതു സഹായിക്കുന്നു. അഥേനയിൽ മാനസാന്തരപ്പെട്ടവരുടെ എണ്ണം കുറവായിരുന്നു (1 കൊരി. 1:23).

എന്നിട്ടും വിശ്വാസത്തിലേക്കു വന്ന കുറച്ചുപേർ അഥേന സമൂഹത്തിലെ സ്വാധീനമുള്ള ദിയോനുസ്യോസും അരയോപഗസ്ഥാനീയനായിരുന്നു. ദമരിസ് അവരുടെ പേര് പരാമർശിക്കുന്നതിൽതന്നെ അവൾ ചില പദവിയിലായിരുന്നു. അതും അല്ലെങ്കിൽ അവൾതന്നെ സമിതിയിലെ ഒരു അംഗമായിരുന്നു (അ.പ്ര. 17:34).

**അരയോപഗസഭയ്ക്ക് മുമ്പാകെ പൗലൊസിന്റെ വ്യത്യസ്ത സമീപനം സാമൂഹ്യ സാംസ്കാരികമായ വ്യത്യാസത്തെക്കുറിച്ചുള്ള അവന്റെ അവബോധത്തെയാണ് കാണിക്കുന്നത്. അവന്റെ ആശയം സ്ഥാപിച്ചെടുക്കാൻ പുറംജാതി കവിയെ ഉദ്ധരിക്കുകയുണ്ടായി (അ.പ്ര. 17:28). വ്യത്യസ്ത ആളുകളിൽ എത്തിച്ചേരാൻ വ്യത്യസ്ത രീതികൾ ഉപയോഗിക്കാൻ കഴിയുമെന്ന് ഇതു നമ്മെ എന്തു പഠിപ്പിക്കുന്നു?**

**വ്യാഴം** **ആഗസ്റ്റ് 30**

### പൗലൊസ് കൊരിന്ത്യയിൽ

അ.പ്ര. 18:1-11 ൽ കൊരിന്ത്യയിലെ അനുഭവങ്ങൾ വീണ്ടും ഓർത്തെടുക്കുകയാണ്. അവിടെ ഒന്നരവർഷം അവൻ താമസിക്കും അക്വിലാസും പ്രിസ്കില്ലയും പൗലൊസിന്റെ ആജീവനാന്ത സുഹൃത്തുക്കളായി മാറും (റോമർ 16:3; 2 തിമൊ. 4:19). വിവരണം സൂചിപ്പിക്കുന്നത് അവർ കൊരിന്ത്യയിൽ വരുന്നതിനുമുമ്പ് തന്നെ ക്രിസ്ത്യാനികളായിരുന്നു കാരണം റോമാ ചക്രവർത്തി ക്ലോദിയസ് റോമിൽനിന്ന് യെഹൂദന്മാരെ നാടു കടത്തിയതുകൊണ്ടാവാം. റോമൻ ചരിത്രകാരൻ സ്യൂട്ടോണിയസ് ചൂണ്ടിക്കാണിക്കുന്നത് നാടുകടത്തൽ സംഭവിച്ചത് "ക്രിസ്തുവിന്റെ" പേരുമായി ബന്ധപ്പെട്ട് യെഹൂദാ സമുദായത്തിൽ അസ്വസ്ഥതകൾ ഉണ്ടായതുകൊണ്ടായിരിക്കാം. ഒരുപക്ഷേ പ്രാദേശികരായ യെഹൂദാവിശ്വാസികൾ സുവിശേഷം പ്രസംഗിച്ചതിന്റ ഫലമായിരിക്കാം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ അക്വിലാസും പ്രിസ്കില്ലയും ഉൾപ്പെട്ടിരിക്കുവാൻ സാധ്യതയുണ്ട്. ഏതു വിഷയത്തിലായാലും ഒരേ വിശ്വാസവും ഒരേ യഹൂദാപശ്ചാത്തലവും പങ്കുവയ്ക്കുന്നതോടൊപ്പം പൗലൊസും തന്റെ പുതിയ സുഹൃത്തുക്കളും ഒരേ തൊഴിലും പങ്കുവച്ചു.

**വായിക്കുക: അ.പ്ര. 18:4-17 കൊരിന്ത്യയിൽ പൗലൊസിന്റെ സുവിശേഷപ്രവർത്തനങ്ങളുടെ ഫലം എന്തായിരുന്നു?**

ശീലാസും തിമൊഥെയൊസും മാസിഡോണിയയിൽനിന്ന് എത്തിച്ചേർന്നപ്പോൾ അവിടത്തെ സഭകളിൽനിന്നു കുറച്ച് സാമ്പത്തിക സഹായം അവർ കൊണ്ടുവന്നു. അത് പൗലൊസിനു പൂർണ്ണസമയം സുവിശേഷവേല ചെയ്യുന്നതിന് സഹായകരമായി. പൗലൊസിന്റെ തത്വം അവന്റെ സുവിശേഷ പ്രവർത്തന സമയത്ത് സ്വന്തം ചെലവിൽ ജീവിക്കുക എന്നതായിരുന്നു. സുവിശേഷം പ്രസംഗിക്കുന്നവൻ സുവിശേഷത്തിൽനിന്ന് ജീവിക്കണം എന്ന് പൗലൊസ് പഠിപ്പിച്ചിട്ടുണ്ട് (1 കൊരി. 9:14).

പൗലൊസിന്റെ ദൂതിനെതിരെ യെഹൂദരുടെ ശക്തമായ എതിർപ്പ് ഉണ്ടായിരുന്നുവെങ്കിലും ചില യെഹൂദരും ദൈവത്തെ ആരാധിക്കുന്ന ജാതികളിലുള്ള കുറച്ചുപേരും വിശ്വസിച്ചു. മാനസാന്തരപ്പെട്ടവരിൽ ക്രിസ്പോസ് എന്ന പള്ളി പ്രമാണിയും തന്റെ കുടുംബത്തിലുള്ള സകലരും ഉണ്ടായിരുന്നു. കൊരിന്ത്യയിലുള്ള അനേകർ വിശ്വസിച്ചു സ്നാനമേറ്റു. തുടർന്നുള്ള ഭാഗങ്ങൾ വിശദീകരിക്കുന്നത് യെഹൂദരുടെ ഇടയിലുണ്ടായിരുന്ന സാഹചര്യം അല്പം പിരിമുറുക്കത്തിന്റേതായിരുന്നു. കൂടെ പൗലൊസ് കൊരിന്ത്യയിൽനിന്ന് പോകുവാനുള്ള സാധ്യത ആരായുകയായിരുന്നു. എന്നാൽ ഒരു രാത്രി ദർശനത്തിൽ അവിടെ താമസിക്കുവാനുള്ള ഒരു സ്വർഗ്ഗീയ പ്രോത്സാഹനം ലഭിച്ചു (അ.പ്ര. 18:9-11).

അന്ത്യോക്യയിലേക്കുള്ള മടക്കയാത്രയിൽ അക്വിലാസിനെയും പ്രിസ്കില്ലയെയും അവനോടുകൂടെ കൂട്ടി എഫെസൊസിൽ അവരെ ആക്കി യാത്ര പുനരാരംഭിക്കുന്നതിനുമുമ്പ് ചില ദിവസങ്ങൾ അവിടെ ചിലവഴിച്ചു. ആ സമയം അവിടെയുള്ള യെഹൂദാപള്ളിയിൽ പ്രസംഗിക്കാനുള്ള അവസരം അവനു ലഭിച്ചു. അവരുടെ അനുകൂല പ്രതികരണം ദൈവം അനുവദിച്ച് അവൻ വീണ്ടും മടങ്ങിവരാം എന്ന് അവനെക്കൊണ്ട് വാഗ്ദാനം ചെയ്യിപ്പിച്ചു (അ.പ്ര. 18:18-21). അവന്റെ അടുത്തയാത്രയിൽ അത് ശരിയായിത്തീർന്നു.

**പൗലൊസിന്റെ സ്വീകരണത്താൽ അവൻ കുഴങ്ങിയിരുന്നു. അവിടെയുള്ള ആത്മാക്കളുടെ രക്ഷയെ സംബന്ധിച്ച് ദൈവത്തിൽനിന്ന് അവന് പ്രോത്സാഹനം ആവശ്യമായിരുന്നു. പൗലൊസിന് ലഭിച്ച ദൈവത്തിന്റെ വാക്കുകൾ നമ്മോട് എന്താണ് പറയുന്നത്? (അ.പ്ര. 18:10). പൗലൊസിന്റേതുപോലെ സമാനമായ അനുഭവം നമുക്കുണ്ടാകുമ്പോൾ നാം എങ്ങനെ പ്രതികരിക്കും?**

## കൂടുതൽ ചിന്തയ്ക്ക്

"പ്രചാരത്തിലില്ലാത്ത സത്യങ്ങൾ പഠിക്കുന്നവരെ ഇന്ന് നിരുത്സാഹപ്പെടുത്തേണ്ടതില്ല. ആ സമയങ്ങളിൽ ഒരിക്കലും അവർക്ക് അനുകൂലമായ ഒരു സ്വീകരണം ഉണ്ടാകയില്ല, പൗലൊസും തന്റെ കൂട്ടാളികളും പ്രവർത്തിച്ച ജനത്തിന്റെ ഇടയിൽ, ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നവരിൽ നിന്നുപോലും അതിനെക്കാൾ കൂടുതലായി ഒന്നും ഉണ്ടായില്ല. ക്രൂശിന്റെ ദൂത് വാഹകർ ജാഗ്രതയും പ്രാർത്ഥനയുമെന്ന ആയുധധാരികളായിരിക്കണം. പ്രത്യാശയോടും വിശ്വാസത്തോടും മുമ്പോട്ട് നീങ്ങുക, എപ്പോഴും യേശുവിന്റെ നാമത്തിൽ വേല ചെയ്യുക." Ellen G. White, The Acts of the Apostles, P. 230.

"ഭൂമിയുടെ ചരിത്രത്തിന്റെ അവസാന രംഗങ്ങളിൽ, ആരോടെങ്കിലും പരിശോധന ചെയ്യുന്ന സത്യങ്ങളെ പ്രഖ്യാപിക്കുന്നുവെങ്കിൽ അവർ ബെരോബയിലുണ്ടായിരുന്നവരുടെ മാതൃകയെ പിൻതുടരും. തിരുവചനം ദിനംതോറും പരിശോധിക്കുക. അവർക്ക് ലഭിക്കുന്ന ദൂതുമായി തിരുവചനത്തെ തുലനം ചെയ്യുക. ദൈവത്തിന്റെ നിയമങ്ങളുടെ അറിവിനോട് ഉറച്ച വിശ്വസ്തതയുള്ള അനേകർ ഇന്ന് ഉണ്ടായിരിക്കാം. ഇന്ന് അങ്ങനെ ഉള്ളവർ താരതമ്യേന കുറവാണ്."

"നൽകപ്പെട്ട വെളിച്ചത്തിനനുസരിച്ച് എല്ലാവരും ന്യായം വിധിക്കപ്പെടും. രക്ഷയുടെ ദൂതുമായി ദൈവം തന്റെ സ്ഥാനാപതികളെ അയയ്ക്കുന്നു. അത് ശ്രവിക്കുന്നവർ, ദൈവത്തിന്റെ ദാസന്മാരുടെ വാക്കുകൾ ഏതു മാർഗ്ഗത്തിൽ പരിചരിക്കുന്നുവോ ആ കർത്തവ്യത്തിൽ ദൈവം അവരെ സഹായിക്കും. സത്യത്തിനുവേണ്ടി ആത്മാർത്ഥമായി തേടുന്നവർ, ദൈവവചനത്തിന്റെ വെളിച്ചത്തിന്റെ ഉപദേശങ്ങളിൽ വളരെ സൂക്ഷ്മമായ പരിശോധന നടത്തും." പേജ് 232.

## ചർച്ച ചെയ്യുക

1. തിങ്കളാഴ്ചയിലെ പാഠത്തിന്റെ അവസാന ഖണ്ഡികയുടെ അടിസ്ഥാനത്തിൽ, താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയുടെ സാധ്യമായ ഫലത്തെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുക. "സ്നാനത്തിനുവേണ്ടി ഒരു സ്ഥാനാർത്ഥിയുടെ ഭാഗത്തുനിന്ന് കൂടുതൽ പരിപൂർണ്ണമായ തയ്യാറെടുപ്പ് ആവശ്യമുണ്ട്. പുതിയതായി സത്യത്തിലേക്ക് വരുന്നവർക്ക് ക്രിസ്തീയ ജീവിതത്തിന്റെ തത്വങ്ങൾ ലളിതമാക്കണം." Ellen G. White,Testimonies for the church, Vol 6, P. 91,92.

2. ബുധനാഴ്ചയിലെ ഒടുവിലത്തെ ചോദ്യത്തിൽ കൂടുതൽ സമയം ചെലവ ഴിക്കുക. നമ്മുടെ സ്വന്തം മതപരമായ തെളിവിനെ അംഗീകരിക്കാത്ത, സുവിശേഷവുമായി ഒത്തുതീർപ്പ് ഇല്ലാത്തവരോട്, സാംസ്കാരികമായി വ്യത്യാസമുള്ളവരോട്, പൗലൊസ് കാണിച്ച അതേ ധാരണ ഒരു സഭ യായി നമുക്ക് എങ്ങനെ കാണിക്കാൻ കഴിയും?

3. വായിക്കുക. അ.പ്ര. 17:32–34 അഥേനയിൽ പൗലൊസിന്റെ ദൂത് നേരിട്ട മൂന്ന് പ്രതികരണങ്ങളിൽ നമുക്ക് എന്തു പഠിക്കാൻ കഴിയും? “(1) ചിലർ പരിഹസിച്ചു. ഈ അപരിചിതനായ യെഹൂദന്റെ വളരെ ഗൗരവമായ ആത്മാർത്ഥതയാൽ അവർ രസിച്ചു. ജീവിതത്തെ ഒരു തമാശയാക്കാൻ സാധിക്കും. എന്നാൽ അങ്ങനെ ചെയ്യുന്നവർ ജീവിതം തമാശയായി ആരംഭിക്കുന്നവർ ദുഃഖത്തിൽ അവസാനിപ്പിക്കണം. (2) ചിലർ അവരുടെ തീരുമാനം നീട്ടിവയ്ക്കും. എക്കാലത്തേയും ഏറ്റവും വലിയ അപകടം, നാളയെക്കുറിച്ച് വളരെ നിസ്സാരമായി എങ്ങനെ സംസാരിക്കാം എന്നു കണ്ടുപിടിക്കുന്നതാണ്. (3) ചിലർ വിശ്വസിച്ചു. ദൈവം നൽകുന്ന അവ സരത്തെ ഒരു വിഡ്ഢി മാത്രംനിരസിക്കുമെന്ന് ഒരു ബുദ്ധിമാൻ അറി യുന്നു.” William Bardly, The Acts the Apostles, rev, ed. (philadelphia: West minister, 1976), P 133.

4. അഥേനയിലുള്ളവരോട് പറഞ്ഞ കാര്യം മനസ്സിലാക്കാൻ പൗലൊസ് യഥാർത്ഥത്തിൽ പുറജാതി എഴുത്തുകാരനെ ഉദ്ധരിച്ചു. ചില സമയങ്ങ ളിൽ ഉപയോഗിക്കുന്ന ഇങ്ങനെയുള്ള ചില കാര്യങ്ങൾക്ക് വിലയുണ്ടാ കുമോ? എന്തൊക്കെ അപകടങ്ങൾ അതോടൊപ്പമുണ്ട്? ഇതു നമ്മോട് എന്തു പറയുന്നു?

✪ ✪ ✪ ✪